(ബി) ചേർത്തല താലൂക്ക് ആശുപത്രിയിൽ അനെർട്ടിന്റെ ചുമതലയിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള ഭരണാനുമതി G.O. (Rt.) No. 2129/2013/H&FWD dated 18-6-2013 എന്ന ഉത്തരവ് പ്രകാരം നൽകുകയുണ്ടായെങ്കിലും സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ട തുക പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതുണ്ട്. 3-6-2014-ലെ സർക്കുലർ 54/2014-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഡെപ്പോസിറ്റ് വർക്ക് ചെയ്യുന്ന ഏജൻസിക്ക് തുക നൽകാൻ ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി-ക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ബിൽ തുക അഡ്വാൻസായി പിൻവലിക്കാൻ സാധിക്കാത്തതുകാരണം അക്രഡിറ്റഡ് ഏജൻസി ചെയ്ത പ്രവൃത്തിയുടെ തുക ഡെപ്പോസിറ്റ് ചെയ്യാനുള്ള നിർദ്ദേശം നടപ്പിലാക്കാൻ കഴിയില്ലെന്ന് ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. 16-8-2014-ലെ കത്ത് മുഖാന്തിരം അറിയിച്ചിട്ടുണ്ട്. അതിനെ തുടർന്ന് ജി.ഒ.(പി.) 304/2014/ധന. തീയതി, 21-7-2014 ഉത്തരവുപ്രകാരം ടി പ്രവൃത്തിക്കുള്ള ബില്ലിന് സീനിയോരിറ്റി പ്രകാരം, പി.ഡബ്ല്യു.ഡി.വഴി തുക അനുവദിച്ച് ധനകാര്യവകുപ്പ് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആസ്തി വികസന പദ്ധതി സർക്കാരിന്റെ പുതിയ സ്കീമായതിനാലാണ് തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ കാലതാമസം നേരിട്ടത്.

സ്വകാര്യ മേഖലയിലെ വൈദ്യുതി ഉല്പാദകർ

64 (404) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ (i) കാറ്റ്. (ii) സൂര്യപ്രകാശം (iii) ചെറുകിടജലപാതം (Small Hydro)എന്നിവ ഉപയോഗിച്ച് സംസ്ഥാനത്ത് വൈദ്യുതി ഉല്പാദിപ്പിച്ചുവരുന്ന സ്വകാര്യമേഖലയിലെ ഏറ്റവും മികച്ച പത്ത് ഉല്പാദകരുടെ(മേൽ സൂചനാ മൂന്ന് സ്രോതസ്സുകളുടെ പ്രത്യേകമായി) വാർഷിക വൈദ്യുതി ഉല്പാദന ശരാശരി കണക്ക് സഹിതമുള്ള വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഇത്തരത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്ന സ്വകാര്യ സംരംഭകർക്ക് ആയത് വിതരണം ചെയ്യുന്നതിനും മറ്റും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ എന്തെല്ലാം നിബന്ധനകളാണ് ബാധകമാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരത്തിലുള്ള വൈദ്യുതി ഉല്പാദനത്തിനായി ശ്രമിക്കുന്ന സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ എന്തെല്ലാം സഹായക നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ ?

ഉത്തരം

(എ) സൗരോർജ്ജം ഉപയോഗിച്ചുള്ള വൻകിട വൈദ്യുത ഉൽപ്പാദന പദ്ധതികൾ ഒന്നുംതന്നെ സംസ്ഥാനത്ത് നിലവിലില്ല. ആറ് സ്വകാര്യ സംരംഭകർ ചെറുകിട ജല വൈദ്യുത പദ്ധതിവഴി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന 29 സ്വകാര്യ സംരംഭകർ സംസ്ഥാനത്തുണ്ട്. ഇത്തരത്തിലുള്ള സ്വകാര്യ സംരംഭകരുടെ പട്ടിക അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. *

(ബി) സ്വകാര്യസംരംഭകർവഴി IPP (Independent Power Producers) ആയും CPP (Captive Power Producers) ആയും സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു. ഇപ്പോഴുള്ള IPP Project കളിൽനിന്നും മുഴുവൻ വൈദ്യുതിയും KSERC നിശ്ചയിച്ച നിരക്കിൽ KSEB വാങ്ങുന്നു. CPP Project-ൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി അവരുടെ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്നു. KSERC നിശ്ചയിക്കുന്ന banking charge, wheeling charge എന്നിവ കെ.എസ്.ഇ.ബി.ക്ക് നൽകി ആ സൗകര്യം ഉൽപ്പാദകർ ഉപയോഗപ്പെടുത്തുന്നു.

(സി) സ്വകാര്യസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ താഴെപ്പറയുന്നു.

സൗരോർജ്ജം :-

1. 10 മെഗാവാട്ട് വരെയുള്ള സോളാർ പദ്ധതികൾക്ക് KSEB സൗജന്യമായി Power evacuate ചെയ്യുന്നതിന് സൗകര്യം ചെയ്ത് കൊടുക്കുന്നു.

2. സ്വന്തം ആവശ്യത്തിന് സോളാർ (CPP) പദ്ധതികൾക്ക് wheeling charge-ഉം T&D loss ഉം ഒഴിവാക്കി കൊടുത്തിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി ബാങ്കിംഗ് സൗകര്യവും നൽകുന്നുണ്ട്.

കാറ്റിൽ നിന്നുള്ള പദ്ധതി:_

സംരംഭകരുടെ • ചെലവിൽ പദ്ധതിയിൽനിന്നും Power evacuation ചെയ്യുന്നതിനുള്ള സബ്സ്റ്റേഷൻ, ലൈൻ എന്നിവ KSEBL ചെയ്തുകൊടുക്കുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതി:-

LIBRARY ARCHIVES Kerala Legislative Assembly

1. സംരംഭകരുടെ ചെലവിൽ പദ്ധതിയിൽനിന്നും Power evacuation ചെയ്യുന്നതിനുള്ള സബ്സ്റ്റേഷൻ, ലൈൻ എന്നിവ KSEBL ചെയ്തുകൊടുക്കുന്നു.

2. പദ്ധതിയുടെ സർവ്വേയും Project Report തയ്യാറാക്കുന്നതിലേക്കും MNRE യും കേന്ദ്ര സർക്കാറും നൽകുന്ന Incentive നൽകുന്നുണ്ട്.

3. Water Cess-ൽനിന്നും പ്രോജക്ടുകളെ ഒഴിവാക്കിയിട്ടുണ്ട്.

ഇവ കൂടാതെ വിതരണ ലൈസൻസി ഉപയോഗിക്കുന്ന മൊത്തം വൈദ്യുതിയുടെ 3 ശതമാനം പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും വാങ്ങണമെന്നും അതിൽ 0.25 ശതമാനം സോളാർ പദ്ധതിയിൽ നിന്നായിരിക്കണമെന്നും KSERC ഉത്തരവാക്കിയിട്ടുണ്ട്.

Clean Development Mechanism (CDM) benefit ഉം REC Certificate ഉം ഉൽപ്പാദകർക്ക് ലഭിക്കുന്നുണ്ട്.

ട്രാൻസ്ഫോർമറുകൾക്ക് ചുറ്റുവേലി

65 (405) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചുറ്റുവേലിയില്ലാത്തതും കാലപ്പഴക്കം കൊണ്ട് ചുറ്റുവേലി നശിച്ചതുമായ വൈദ്യുത ട്രാൻസ്ഫോർമറുകൾ ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പലപ്പോഴും കുട്ടികളുൾപ്പെടെയുള്ളവർക്ക് അപകടത്തിന് ഇടയാക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ എല്ലാ ട്രാൻസ്ഫോർമറുകൾക്കും സുരക്ഷിതമായ ചുറ്റുവേലി സ്ഥാപിച്ച് സംരക്ഷണം ഉറപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപകടങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഘട്ടംഘട്ടമായി എല്ലാ ട്രാൻസ്ഫോർമറുകൾക്കും സുരക്ഷിതമായ ചുറ്റുവേലി സ്ഥാപിച്ച് സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly